**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുക

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 125 — 11-08-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. ഉമ്മർ<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി.ഉബൈദുള്ള** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണമായും ചെലവഴിക്കാത്തതുകൊണ്ട് കേന്ദ്രം അനുവദിക്കുന്ന തുക ക്രമാനുഗതമായി കുറയുന്ന സ്ഥിതി വിശേഷം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | അപ്രകാരം ഒരു സ്ഥിതി വിശേഷം പി.എം.എ.വൈ (ഗ്രാമീൺ) ഒഴികെയുള്ള പദ്ധതികൾക്ക് ഉണ്ടായിട്ടില്ല. 2016-17 മുതൽ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതിയിലേയ്ക്കുള്ള ഗുണഭോക്താക്കളെ, 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്ന് തന്നെ തെരഞ്ഞെടുക്കണമെന്ന് കർശന മാനദണ്ഡമുള്ളതിനാൽ ടി ലിസ്റ്റിൽ ഗുണഭോക്താക്കളുടെ അഭാവം നിമിത്തം ഭൗതിക ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇക്കാരണത്താൽ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിക്ക് കേന്ദ്ര വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിനും തദ്ദേശ സ്വയംഭരണവകുപ്പിനുള്ള വിഹിതം ക്രമാനുഗതമായി ഉയർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) | 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ അർഹരായ ഗുണഭോക്താക്കൾ പലരും ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. MGNREGS പദ്ധതിയിൽ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ ആവശ്യകത പ്രകാരം ലേബർ ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നുണ്ട്. അതിനാൽ ഇവിടെയും തുകയിൽ കുറവ് വരുന്നില്ല. |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് പദ്ധതി അവലോകന യോഗത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്താറുള്ളതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്. |
| (സി) | കേരളത്തിന്റെ തദ്ദേശീയമായ പരിതസ്ഥിതി കണക്കിലെടുക്കാത്ത കേന്ദ്ര നിർദ്ദേശങ്ങൾ ഒഴിവാക്കി കേരളത്തിന്റെ പരിതസ്ഥിതിക്കനുസൃതമായി ഈ ഫണ്ട് പൂർണ്ണമായും ചെലവഴിച്ച് ഗ്രാമ വികസനം സുസ്ഥിരമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങളിൽ ഇളവു വരുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. ടി പദ്ധതികളിൽ കേരളത്തിന്റെ തദ്ദേശീയമായ പരിതസ്ഥിതി കണക്കിലെടുത്ത് പദ്ധതി നിർവ്വഹിക്കാനുള്ള ഇളവ് അഭ്യർത്ഥിച്ച് സർക്കാർ പല തവണ കേന്ദ്രത്തിന് നിവേദനം നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ